"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - "Rehabilitation of the existing PSC pipe transmission main with M.S pipe from Peroorkada to Manvila including interconnection and allied works" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.2/2025/WRD തീയതി,തിരുവനന്തപുരം, 09-01-2025

---

പരാമർശം:-
1. സ.ഉ (പി) നം. 375/2015/ധന തീയതി 24.08.2015.
2. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017.
3. സ.ഉ (സാധ) നം. 2149/2023/ത.സ്വ.ഭ.വ തീയതി 02.11.2023.
4. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 20.07.2024, 17.12.2024, 18.12.2024 തീയതിയിലെ KWA-JB/3052/2023-AE10-(Part(1) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

"Rehabilitation of the existing PSC pipe transmission main with M.S pipe from Peroorkada to Manvila including interconnection and allied works" എന്ന പ്രവൃത്തിയ്ക്ക് പരാമർശം (3) പ്രകാരം AMRUT 2.0 യുടെ കീഴിൽ 66.1 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് 05.01.2024 തീയതിയിൽ കേരള വാട്ടർ അതോറിറ്റി സാങ്കേതികാനുമതിയും നൽകിയിരുന്നു.

2. പ്രസ്തുത പ്രവൃത്തിയ്ക്ക് ആദ്യം ക്ഷണിച്ച ടെണ്ടർ ആരും ദർഘാസ് സമർപ്പിക്കാത്തിനാൽ റദ്ദു ചെയ്യുകയുണ്ടായി. പുന:ദർഘാസിൽ ലഭിച്ച ഏക ടെണ്ടറും അമിതമായ ഉയർന്ന നിരക്ക് കാരണം റദ്ദുചെയ്തു. പ്രസ്തുത സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് പുനർ നിർണയിക്കുകയും 11.04.2024 തീയതിയിൽ പുതുക്കിയ സാങ്കേതിക അനുമതി നൽകുകയും ചെയ്തു. ജി.എസ്.ടി-യും വകുപ്പുതല സാമഗ്രികളുടെ വിലയും ഒഴികെ 46,61,83,272/- രൂപ TPAC ആയി വീണ്ടും ദർഘാസ് ക്ഷണിച്ചു. പ്രസ്തുത ദർഘാസിൽ താഴെ പറയും പ്രകാരം രണ്ട് bidders ൽ നിന്നും ഓഫർ ലഭിക്കുകയുണ്ടായി:

| Sl. No | Name & address of Tenderer | Quoted amount | % Above/ below of TPAC |
|---|---|---|---|
| 1 | M/s. Marymatha Infrastructure Pvt. Ltd, Marymatha Square, Arakuzhi Road, Muvattupuzha-686 661. | Rs. 57,00,24,736.11 | 22.28% above |

| | | | |
|---|---|---|---|
| 2 | Sri. Biju Augustine, Kumpuckal House, Vannappuram P.O, Thodupuzha, Idukki. JV with Sri. J.P Sajimon, Perumattikkunnu, Muttom, Idukki- 685 587. | Rs. 58,03,81,496.65 | 24.5% above |

3. പരാമർശം (2) - ലെ സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s. Marymatha Infrastructure Pvt. Ltd ക്വാട്ട് ചെയ്ത തുക നിലവിലെ DsoR മായും PRICE — ലെ പ്രാദേശിക വിപണി നിരക്കുമായും താരതമ്യപ്പെടുത്തുമ്പോൾ ഉയർന്നതാണെന്ന് സ്പെഷ്യൽ ടെണ്ടർ കമ്മിറ്റി നിരീക്ഷിച്ചു. ക്വാട്ട് ചെയ്ത തുക കുറയ്ക്കുന്നതിനും, ആയത് SOR+10% ടോളറൻസ് പരിധി, പ്രാദേശിക വിപണി നിരക്ക് ഇവയിൽ ഏതാണോ കുറവ് അതിലേയ്ക്ക് കൊണ്ടുവരാനുള്ള സാധ്യത പര്യവേക്ഷണം ചെയ്യുന്നതിനുമായി ടെണ്ടറിംഗ് അതോറിറ്റി lowest bidder ആയ M/s. Marymatha Infrastructure Pvt. Ltd മായി negotiation നടത്തുകയുണ്ടായി. M/s. Marymatha Infrastructure Pvt. Ltd -ന്റെ negotiation തുകയായ 56,99,00,986/- രൂപ Tendered PAC ആയ 46,61,83,272/- രൂപയേക്കാൾ 22.25% കൂടുതലായിരുന്നു. പരാമർശം (2) - ലെ സർക്കാർ ഉത്തരവ് പ്രകാരം Current DsoR+10% നിരക്കായ 51,29,96,347.29/- രൂപയ്ക്ക് മാത്രമേ പ്രവൃത്തി അനുവദിക്കാനാകൂ.

4. ജലക്ഷാമം നേരിടുന്ന കഴക്കൂട്ടം, പള്ളിപ്പുറം, മൺവിള, ടെക്നോപാർക്ക്, കിൻഫ്ര തുടങ്ങിയ പ്രദേശങ്ങളിൽ ആവശ്യത്തിന് വെള്ളം ഉറപ്പാക്കാൻ തുടർച്ചയായി ചോർന്നൊലിക്കുന്ന പി.എസ്.സി പൈപ്പ് മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തരമായി നടത്തണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സർക്കാരിനെ അറിയിച്ചു. ആവർത്തിച്ചുള്ള ടെൻഡർ വിളിച്ചാലും ലേലക്കാരുടെ പങ്കാളിത്തം കുറവാണെന്നും, അതിനാൽ നടപ്പിലാക്കേണ്ട ജോലിയുടെ അടിയന്തര സ്വഭാവം കണക്കിലെടുത്ത് റീടെൻഡറിംഗിന് പോകുന്നത് ഉചിതമല്ലെന്നും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടി പ്രവർത്തിയ്ക്ക് M/s. Marymatha Infrastructure Pvt. Ltd ൽ നിന്നും ലഭിച്ച ടെണ്ടർ അവരുടെ negotiate തുകയായ 56,99,00,986/- രൂപയ്ക്ക് പരിഗണിയ്ക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. തിരുവനന്തപുരം നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ട്രാൻസ്മിഷൻ പൈപ്പ് സപ്ലൈ സിസ്റ്റം ആയ ഇത് നഗരത്തിലെ പ്രധാന ഭാഗങ്ങളിലൂടെ പോകുന്നതിനാൽ ഇതിൽ പ്രവൃത്തികൾ നടത്തുന്നത് വളരെ ദുഷ്കരമാണ്. കൂടാതെ ടെക്നോപാർക്ക് ഉൾപ്പടെയുള്ള പ്രദേശങ്ങളിൽ ജലം നൽകുന്നത് ഈ പൈപ്പ് മുഖാന്തിരമാണ്. നിലവിൽ കാലപ്പഴക്കംകൊണ്ടും മറ്റ് വിവിധ കാരണങ്ങൾകൊണ്ടും ടെക്നോപാർക്ക് ഭാഗത്തേക്ക് ആവശ്യത്തിന് ജലം ലഭിക്കുന്നില്ല എന്നുള്ള പരാതി നിലവിലുണ്ട്. ഇത് മൂന്നാമത്തെ ടെണ്ടറാണ്. യഥാർത്ഥ മാർക്കറ്റ് നിരക്കിനേക്കാൾ പത്തു ശതമാനം മാത്രമാണ് കൂടി നിൽക്കുന്നത്. മറ്റ് അനവധി കേസുകളിൽ സംഭവിക്കാറുള്ളതുപോലെ തിരുവനന്തപുരം നഗരത്തിന്റെ പ്രധാന ഭാഗങ്ങളിലൂടെയുള്ള ഈ പ്രവൃത്തിയുടെ ഡിപ്പാർട്ട്മെന്റ് എസ്റ്റിമേറ്റ് തന്നെ 46.61 കോടിയിൽ നിൽക്കുമ്പോൾ പ്രൈസ് പ്രകാരം 51.56 കോടി

കാണിക്കുന്നത് ചിലപ്പോൾ യഥാർത്ഥ മാർക്കറ്റ് റേറ്റുകളുടെ പ്രതിഫലനം ആയിരിക്കില്ല എന്ന് കാണുന്നു. പ്രസ്തുത പ്രവൃത്തിയുടെ ദുർഘട സ്വഭാവം കണക്കിലെടുത്തും ഇനി കാലതാമസം വരുത്തുന്നത് കേന്ദ്ര സഹായ പദ്ധതി നഷ്ടമാക്കും എന്ന് കാണുന്നു.

6. പ്രസ്തുത സാഹചര്യത്തിൽ "Rehabilitation of the existing PSC pipe transmission main with M.S pipe from Peroorkada to Manvila including interconnection and allied works" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച lowest bidder ആയ "M/s. Marymatha Infrastructure Pvt. Ltd, Marymatha Square, Arakuzhi Road, Muvattupuzha- 686 661" ക്വാട്ട് ചെയ്ത ദർഘാസ് Tendered PAC യേക്കാൾ 22.25% അധികരിച്ച തുകയായ Rs. 56,99,00,986/- രൂപയ്ക്ക് (അമ്പത്തിയാറ് കോടി തൊണ്ണൂറ്റിയൊമ്പത് ലക്ഷത്തി തൊള്ളായിരത്തി എൺപത്തിയാറ് രൂപ മാത്രം) അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് ( 08.01.2025-ലെ ഇനം. 2582 പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം. PU-C1/183/2024-Fin)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Khadeeja Alungal
Date: 10-01-2025 11:10:21
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്- ന്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്- ന്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-01-2025

ഫയൽ നം. ഡബ്ല്യൂ.എസ്.-ബി1/167/2024/ജ.വി.വ. ഇനം നം: 2582

വിഷയം : ജലവിഭവ വകുപ്പ് - "Rehabilitation of the existing PSC pipe transmission main with M.S. pipe from Peroorkada to Manvila including interconnection and allied works" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച ദർഘാസ് Tendered PAC-യേക്കാൾ 22.25% അധികരിച്ച തുകയായ 56,99,00,986/- രൂപയ്ക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

US(B)
9/1/25
S.S

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

2582

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യൂ. എസ്- ബി1/167/2024-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | 'Rehabilitation of the existing PSC pipe transmission main with M.S pipe from Peroorkada to Manvila including interconnection and allied works' എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച ദർഘാസ് Tendered PAC യേക്കാൾ 22.25% അധികരിച്ച തുകയായ 56,99,00,986/- രൂപയ്ക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് അംഗീകരിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06/12/2024 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊളളിച്ചിട്ടുണ്ടോ? | : | |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊളളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ. ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18/12/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19/12/2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 19/12/2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20/12/2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

"Rehabilitation of the existing PSC pipe transmission main with M.S pipe from Peroorkada to Manvila including interconnection and allied works" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 22.25% അധികരിച്ച ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. പ്രസ്തുത പ്രവൃത്തിയ്ക്ക് 02.11.2023 തീയതിയിലെ സ.ഉ (സാധ) നം. 2149/2023/ത.സ്വ.ഭ.വ പ്രകാരം AMRUT 2.0 യുടെ കീഴിൽ 66.1 കോടി രൂപയുടെ ഭരണാനുമതിയും ആയതിന് 05.01.2024 തീയതിയിൽ കേരള വാട്ടർ അതോറിറ്റി സാങ്കേതികാനുമതിയും നൽകിയിരുന്നു.

3. പ്രസ്തുത പ്രവൃത്തിയ്ക്കായി 24.01.2024 തീയതിയിൽ 37,58,96,799/- രൂപ (ജി.എസ്.റ്റി ഒഴികെ) Tendered PAC ആയി ടെണ്ടർ ക്ഷണിച്ചുവെങ്കിലും ആരും ദർഘാസ് സമർപ്പിക്കാത്തിനാൽ ടെൻണ്ടർ റദ്ദ് ചെയ്യുകയാണുണ്ടായത്. പുനഃദർഘാസിൽ ഉയർന്ന നിരക്കിലുള്ള (TPAC-യേക്കാൾ 42.85% അധികരിച്ചത്) ഒരു ഓഫർ മാത്രം ലഭിക്കുകയും അമിതമായ ഉയർന്ന നിരക്ക് കാരണം പ്രസ്തുത ദർഘാസും റദ്ദുചെയ്തു. പ്രസ്തുത സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് പുനർനിർണയിക്കുകയും 11.04.2024 തീയതിയിൽ പുതുക്കിയ സാങ്കേതിക അനുമതി നൽകുകയും ചെയ്തു. ജി.എസ്.ടി-യും വകുപ്പുതല സാമഗ്രികളുടെ വിലയും ഒഴികെ 46,61,83,272/- രൂപ TPAC ആയി വീണ്ടും ദർഘാസ് ക്ഷണിച്ചു.

4. പ്രസ്തുത ദർഘാസിൽ താഴെ പറയും പ്രകാരം രണ്ട് bidders ൽ നിന്നും ഓഫർ ലഭിക്കുകയുണ്ടായി:

| Sl. No | Name & address of Tenderer | Quoted amount | % Above/ below of TPAC |
|---|---|---|---|
| 1 | M/s. Marymatha Infrastructure Pvt. Ltd, Marymatha Square, Arakuzhi Road, Muvattupuzha- 686 661. | Rs. 57,00,24,736.11 | 22.28% above |

| | | | |
|---|---|---|---|
| 2 | Sri. Biju Augustine, Kumpuckal House, Vannappuram P.O, Thodupuzha, Idukki. JV with Sri. J.P Sajimon, Perumattikkunnu, Muttom, Idukki- 685 587. | Rs. 58,03,81,496.65 | 24.5% above |

5. സ്പെഷ്യൽ ടെണ്ടർ കമ്മിറ്റി NIT പ്രകാരം ലേലക്കാരുടെ ടെണ്ടർ രേഖകൾ വിലയിരുത്തുകയും രണ്ട് bidder മാരെയും പ്രീ-ക്വാളിഫൈ ചെയ്യുകയും ചെയ്തു. കുറഞ്ഞതുക രേഖപ്പെടുത്തിയ M/s. Marymatha Infrastructure Pvt. Ltd ക്വാട്ട് ചെയ്ത തുക നിലവിലെ DsoR മായും PRICE – ലെ പ്രാദേശിക വിപണി നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്നതാണെന്ന് കമ്മിറ്റി നിരീക്ഷിച്ചു. ക്വാട്ട് ചെയ്ത തുക കുറയ്ക്കുന്നതിനും, ആയത് SOR+10% ടോളറൻസ് പരിധി, പ്രാദേശിക വിപണി നിരക്ക് ഇവയിൽ ഏതാണോ കുറവ് അതിലേയ്ക്ക് കൊണ്ടുവരാനുള്ള സാധ്യത പര്യവേക്ഷണം ചെയ്യുന്നതിനുമായി ടെണ്ടറിംഗ് അതോറിറ്റി lowest bidder ആയ M/s. Marymatha Infrastructure Pvt. Ltd മായി negotiation നടത്തുകയുണ്ടായി. M/s. Marymatha Infrastructure Pvt. Ltd -ന്റെ negotiation തുകയായ 56,99,00,986/- രൂപ Tendered PAC ആയ 46,61,83,272/- രൂപയേക്കാൾ 22.25% കൂടുതലായിരുന്നു.

താരതമ്യ വിശദാംശങ്ങൾ ഇപ്രകാരമാണ്:

| | | |
|---|---|---|
| Negotiated Amount | - | Rs. 56,99,00,986/- (22.25% above TPAC) |
| Local Market Rate | - | Rs. 51.56.34.053.24/- (10.61% above TPAC) |
| Current DsoR+10% | - | Rs. 51,29,96,347.29/- |

6. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുകയും, Current DsoR+10% നിരക്കുമായ 51,29,96,347.29/- രൂപയ്ക്കു മാത്രമേ പ്രവൃത്തി അനുവദിക്കാനാകൂ.

താരതമ്യ സ്റ്റേറ്റ്മെന്റ് താഴെ ചേർക്കുന്നു:

| **Negotiated Amount - Rs. 56,99,00,986/-** | | |
|---|---|---|
| | Amount | Negotiated Amount Percentage Above or Below |
| Tendered PAC | Rs. 46,61,83,272/- | **22.25 % Above** |
| Current SoR +10% amount | Rs. 51,29,96,347.29/- | **11.09 % Above** |
| Local Market Rate | Rs. 51,56,34,053.24/- | **10.52 % Above** |

7. ഈ പദ്ധതി അമൃത് 1.0- ൽ വരുന്നതാകയാൽ നിലവിലെ നിയമപ്രകാരം ടെണ്ടറിൽ അധികരിച്ച തുകയുടെ 75% അർബൻ ലോക്കൽ ബോഡീസ് (ULB) ഉം 25% സംസ്ഥാന സർക്കാരും വഹിക്കേണ്ടതാണ്.

8. ജലക്ഷാമം നേരിടുന്ന കഴക്കൂട്ടം, പള്ളിപ്പുറം, മൺവിള, ടെക്നോപാർക്ക്, കിൻഫ്ര തുടങ്ങിയ പ്രദേശങ്ങളിൽ ആവശ്യത്തിന് വെള്ളം ഉറപ്പാക്കാൻ തുടർച്ചയായി ചോർന്നൊലിക്കുന്ന പി.എസ്.സി പൈപ്പ് മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തരമായി നടത്തണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ അറിയിച്ചു. ഈ പ്രദേശങ്ങളിലേക്കുള്ള ജലവിതരണം മെച്ചപ്പെടുത്തണമെന്ന് പൊതുജനങ്ങളിൽ നിന്നും ബഹുമാനപ്പെട്ട എം.എൽ.എ-യിൽ നിന്നും മറ്റ് ജനപ്രതിനിധികളിൽ നിന്നും നിരന്തരമായ ആവശ്യം ഉയർന്നുവരുന്നുണ്ടെന്നും, പ്രസ്തുത പ്രവൃത്തി ഉടൻ നടപ്പിലാക്കിയാൽ മാത്രമേ ഇത് സാധ്യമാകുവെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചു. ആവർത്തിച്ചുള്ള ടെൻഡർ വിളിച്ചാലും ലേലക്കാരുടെ പങ്കാളിത്തം കുറവാണെന്നും അതിനാൽ നടപ്പിലാക്കേണ്ട ജോലിയുടെ അടിയന്തര സ്വഭാവം കണക്കിലെടുത്ത് റീടെൻഡറിംഗിന് പോകുന്നത് ഉചിതമല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. മേൽപ്പറഞ്ഞ വസ്തുകളുടെ അടിസ്ഥാനത്തിലും, പ്രസ്തുത പ്രവൃത്തി അമൃത് 2.0 മിഷൻ മോഡ് പ്രോജക്റ്റിന് കീഴിലുള്ളതായതിനാലും, ആയത് കഴക്കൂട്ടം, പള്ളിപ്പുറം, മൺവിള തുടങ്ങിയ നഗരപ്രദേശങ്ങളിലെയും ടെക്നോപാർക്ക്, കിൻഫ്ര തുടങ്ങിയ

സ്ഥാപനങ്ങളുടെയും ജലക്ഷാമം പരിഹരിക്കുന്നതിനാണ് എന്നതിനാലും, "TWSS – Rehabilitation of the existing PSC pipe transmission main with M.S pipe from Peroorkada to Manvila including interconnection and allied works" എന്ന പ്രവൃത്തിയ്ക്ക് M/s. Marymatha Infrastructure Pvt. Ltd ൽ നിന്നും ലഭിച്ച ടെണ്ടർ TPAC -യേക്കാൾ 22.25% അധികരിച്ചതും അവരുടെ negotiate തുകയുമായ 56,99,00,986/- രൂപയ്ക്ക് പരിഗണിയ്ക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

10. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ പറയുന്നു:

*"Administrative Department is advised to negotiate the amount of Rs. 56,99,00,986 which is 22.25% above the tendered PAC of Rs 4661.83 Lakhs excluding GST, further to reduce the rate to at least at par with the LMR amount and in case the reduction is not fruitful, estimate shall be recast after correctly identifying the reason for very high quote of few items as per the following observations and retender.*

1. *KWA has recommended for approval of L1 bidder stating that, "The participation of bidders is less even after repeated tender calls and hence it will not be advisable to go for re-tendering considering the emergency nature of the work to be executed".*
2. *Analysis of the tender revealed that, the two major component part of the estimate are - "Laying 1118mm, 914mm, 813mm, 711mm MS & 600mm DI transmission Main from Peroorkkada to Church to Manvila GLSR - Working charges" contributing 27% of the project cost and "Supply of Pipes & Specials" to the above work which costs 56% of the project cost. These two works are quoted 46% and 5% above estimate amount which is 25% and 3% above LMR.*
3. *Construction of Valve Chamber, Thrust block, Culvert crossing Rubble work etc", which contribute 3% of the project cost is quoted abnormally high of 58%, which 1s also 23% above LMR.*
4. *The overall road restoration cost of Rs. 416.91 lakhs which constitute about 9% of the project cost 1s quoted 48% above estimate amount which is 8.15% above LMR.*
5. *The further analysis of the tender revealed that pipe laying work including its allied works, like Cutting of road, road excavation, Removing and relaying interlocking block, reconstruction with hollow block, Earth work items in soil / hard rock, Fencing, supply of quarry muck, baling out water, Engaging labour for traffic control, conveying of different pipes to work site, labour for cutting etc were found to have quoted very high, more than 100% and in many cases 1.50 times to 3 times the TS rate.*

6. *The supply of various type and size of pipes and specials, which constitute 56% of the project cost, are quoted generally between 0.50% to 6% above estimate rate and only for very few items like supply of restrained DI specials, sluice valves etc were quoted high, ranging from more than 10% to 40% above estimate amount. Hence it is observed that site execution items are still quoted high.*
7. *The road restoration work items are also quoted 20% to 40% above estimate rate.*
   *'This has the approval of Hon'ble Minister (Finance)'".*

11. ബഹു. ജലവിഭവ വകുപ്പ മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"തിരുവനന്തപുരം നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ട്രാൻസ്മിഷൻ പൈപ്പ് സപ്ലൈ സിസ്റ്റം ആണിത്. നഗരത്തിലെ പ്രധാന ഭാഗങ്ങളിലൂടെ പോകുന്നതിനാൽ ഇതിൽ പ്രവൃത്തികൾ നടത്തുന്നത് വളരെ ദുഷ്കരമാണ്. കൂടാതെ ടെക്നോപാർക്ക് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ജലം നൽകുന്നത് ഈ പൈപ്പ് മുഖാന്തിരമാണ്. നിലവിൽ കാലപ്പഴക്കംകൊണ്ടും മറ്റ് വിവിധ കാരണങ്ങൾകൊണ്ടും ടെക്നോപാർക്ക് ഭാഗത്തേക്ക് ആവശ്യത്തിന് ജലം ലഭിക്കുന്നില്ല എന്നുള്ള പരാതി ബഹു. മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർക്ക് അനവധി തവണ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇത് മൂന്നാമത്തെ ടെണ്ടറാണ്. യഥാർത്ഥ മാർക്കറ്റ് നിരക്കിനേക്കാൾ പത്തു ശതമാനം മാത്രമാണ് കൂടി നിൽക്കുന്നത്. മറ്റ് അനവധി കേസുകളിൽ സംഭവിക്കാറുള്ളതുപോലെ തിരുവനന്തപുരം നഗരത്തിൻറെ പ്രധാന ഭാഗങ്ങളിലൂടെയുള്ള ഈ പ്രവൃത്തിയുടെ ഡിപ്പാർട്ട്മെൻറ് എസ്റ്റിമേറ്റ് തന്നെ 46.61 കോടിയിൽ നിൽക്കുമ്പോൾ പ്രൈസ് പ്രകാരം 51.56 കോടി കാണിക്കുന്നത് ചിലപ്പോൾ യഥാർത്ഥ മാർക്കറ്റ് റേറ്റുകളുടെ പ്രതിഫലനം ആയിരിക്കില്ല എന്ന് കാണുന്നു. പ്രസ്തുത പ്രവൃത്തിയുടെ ദുർഘട സ്വഭാവം കണക്കിലെടുത്തും ഇനി കാലതാമസം വരുത്തുന്നത് കേന്ദ്ര സഹായ പദ്ധതി നഷ്ടമാക്കും എന്ന് കാണുന്നതിനാൽ ഇക്കാര്യം മന്ത്രിസഭ മുമ്പാകെ അനുമതി തേടുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും.".

12. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

'Rehabilitation of the existing PSC pipe transmission main with M.S pipe from Peroorkada to Manvila including interconnection and allied works' എന്ന പ്രവൃത്തിയ്ക്ക് "M/s. Marymatha Infrastructure Pvt. Ltd, Marymatha Square, Arakuzhi Road, Muvattupuzha- 686 661" ക്വാട്ട് ചെയ്ത ദർഘാസ് Tendered PAC യേക്കാൾ 22.25% അധികരിച്ച തുകയായ Rs. 56,99,00,986/- രൂപയ്ക്ക് (അമ്പത്തിയാറ് കോടി തൊണ്ണൂറ്റിയൊമ്പത് ലക്ഷത്തി തൊള്ളായിരത്തി എൺപത്തിയാറ് രൂപ മാത്രം) ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് അനുവദിയ്ക്കാമോ;